(ബി) മറ്റു മുനിസിപ്പൽ പ്രദേശങ്ങളിലുള്ള സ്കൂളുകളിൽ പഠിച്ച എത്ര പേരുണ്ടായിരുന്നു ;

(സി) സംസ്ഥാനത്തിന് പുറത്തുള്ള സ്കൂളുകളിൽ പഠിച്ചവർ എത്ര പേരുണ്ടായിരുന്നു ;

(ഡി) ഗ്രാമപ്രദേശങ്ങളിലെ സ്കൂളുകളിൽ നിന്ന് മലയാളം മീഡിയം ക്ലാസ്സുകളിൽ പഠിച്ച എത്ര പേർ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള എൻട്രൻസ് പരീക്ഷയിൽ റാങ്ക് നേടിയവർ സ്കൂൾ വിദ്യാഭ്യാസം നടത്തിയ പ്രദേശത്തിന്റെയോ ബോധന മാദ്ധ്യമത്തിന്റെയോ അടിസ്ഥാനത്തിലുള്ള വിവരം അപേക്ഷയോടൊപ്പം ശേഖരിക്കാറില്ല.

ഫീസിളവ് ആനുകൂല്യം

153 (3714) ശ്രീ. ടി. കെ. ബാലൻ :
ഡോ. തോമസ് ഐസക് :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ താഴ്ന്ന വരുമാനക്കാരുടെ മക്കൾക്ക് സർക്കാർ പ്രഖ്യാപിച്ച ഫീസിളവിന്റെ ആനുകൂല്യം എത്രപേർക്ക് ലഭിച്ചിട്ടുണ്ടെന്ന് സർക്കാർ തിട്ടപ്പെടുത്തിയിട്ടുണ്ട് ;

(ബി) ഉണ്ടെങ്കിൽ ഇപ്പോൾ നടന്ന കൗൺസിലിംഗിലൂടെ എത്രപേർക്ക് ഈ ഇളവ് ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(സി) 60,000 രൂപയിൽ താഴെ വരുമാനമുള്ളവരുടെ പട്ടികയിൽ ഉൾപ്പെട്ട എത്രപേർക്ക് ഫീസ് ഇളവിന്റെ ആനുകൂല്യം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) വരുമാന പട്ടിക സംബന്ധിച്ച് പരീക്ഷാ കമ്മീഷണറേറ്റിൽ നിന്നും ഇറക്കിയിട്ടുള്ള രണ്ട് സ്റ്റാളുകൾ കാരണം സർക്കാർ പ്രഖ്യാപിച്ച ഫീസ് ഇളവ് ആനുകൂല്യം ആർക്കും ലഭിക്കില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രവേശന നടപടികൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ ഈ ആനുകൂല്യം ലഭിച്ചവരുടെ എണ്ണം ഇപ്പോൾ ലഭ്യമല്ല.

(ബി&സി) വിവരം ഇപ്പോൾ ലഭ്യമല്ല.

(ഡി) ഉണ്ട്.

(ഇ) കോളേജ് പ്രവേശനം ലഭിച്ച ശേഷം പുതിയ വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കി വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly